**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **19-06-2024 - ൽ മറുപടിയ്ക്ക്**

**നിർദ്ദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്ന് പോകുന്ന നിർദ്ദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ 75 ശതമാനം നഷ്ടപരിഹാര വിതരണം പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 96.55 ശതമാനം ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്.<br><br>ടി പദ്ധതിക്ക് വേണ്ടി കോഴിക്കോട് ജില്ലയിൽ പെരുമണ്ണ, ഒളവണ്ണ എന്നീ വില്ലേജുകളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. 06/04/2022 ലെ S.O 1665(E) 3A പ്രകാരവും , 04/11/2022 ലെ S.O 5135 (E) 3D പ്രകാരവുമാണ് സ്ഥലം ഏറ്റെടുക്കുന്നത്. ആയതിന് BVR, DVS എന്നിവ തയ്യാറാക്കി അംഗീകരിച്ച് 292 അവാർഡുകൾ പാസ്സാക്കി 188.75 കോടി രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ BVR തയ്യാറാക്കിയതിൽ അപാകത ചൂണ്ടിക്കാട്ടി നാഷണൽ ഹൈവേ അതോറിറ്റി പ്രോജക്റ്റ് ഡയറക്ടർ ജില്ലാകളക്ടർ മുമ്പാകെ ആബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ആയതിനെ തുടർന്ന് നഷ്ടപ്രതിഫല തുക വിതരണം ചെയ്യുന്നത് നിർത്തലാക്കുകയും BVR പുനർനിർണ്ണയിക്കാൻ 01/04/2024 ന് ഉത്തരവാകുകയും ഇതിനെ തുടർന്ന് സ്പെഷ്യൽ ടീമിനെ നിയമിച്ച് BVR പുനർനിർണ്ണയിച്ച്, 30/04/2024 ന് അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് DVS തയ്യാറാക്കുന്നതിനിടയിൽ മുൻ BVR പ്രകാരം നഷ്ടപ്രതിഫല തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ബഹു കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് നിർദ്ദിഷ്ട പ്രവർത്തി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) | സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ട പരിഹാരത്തുക എത്രയാണെന്നും സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി മാർക്കറ്റ് | (ബി) | 1956 ലെ ദേശീയപാതാ നിയമം, 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് |

| | | | |
|---|---|---|---|
| | വിലയുടെ ഇരട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | | എന്നിവയിൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾക്ക് വിധേയമായിട്ടാണ് നഷ്ടപരിഹാരത്തുക നിശ്ചയിച്ച് നൽകുന്നത്. |
| (സി) | പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 1956 ലെ ദേശീയപാതാ നിയമം, 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് എന്നീ നിയമങ്ങളിൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ